# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3466** | **22/08/2017-ൽ മറുപടിക്ക്**

### ആരോഗ്യ അടിയന്തരാവസ്ഥ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) പകർച്ചപനി നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ പാതി വഴിയിൽ ഉപേക്ഷിക്കുകയോ പേരിന് മാത്രമാകുകയോ ചെയ്തതോടെ പനി ബാധിതരുടെ എണ്ണത്തിൽ കുതിച്ചു ചാട്ടം ഉണ്ടായിട്ടുണ്ടോ; | എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം പാതി വഴിയിൽ ഉപേക്ഷിക്കുന്ന ഒന്നല്ല. ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മ-പരിപാടികളാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതര വകുപ്പുകളുടെ സഹകരണത്തോടെയും പൊതുജന-പങ്കാളിത്തത്തോടെയുമാണ് ഇത് നടപ്പി-ലാക്കുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളും അന്തരീക്ഷ താപനിലയിലെ വർദ്ധനവ്, ഇടവിട്ടുള്ള മഴ, ജലദൗർലഭ്യം, മാലിന്യ നിർമ്മാർജ്ജനത്തിലുള്ള പോരായ്മ എന്നിവയും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പകർച്ചപനി വർദ്ധിക്കുവാൻ കാരണ-മായിട്ടുണ്ട്. |
| ബി) പ്രതിദിനം പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെ പത്തോളം പേർ പനി മൂലം മരിക്കുന്ന ഗുരുതര സാഹചര്യം ഉണ്ടായതിനു കാരണം ആരോഗ്യ-വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കാ-ത്തതാണെന്നു കരുതുന്നുണ്ടോ; | ബി) ഇല്ല. പനിമരണങ്ങൾ കൂടിയ സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ഓരോ ജില്ലകളിലെയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിരുന്നു. മാർഗ്ഗരേഖകൾക്കനുസൃതമായി ശരിയായ ചികിത്സ സ്വകാര്യ ആശുപത്രികൾ അടക്കമുള്ള എല്ലാ ആശുപത്രികളിലും ഉറപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകു-കയുണ്ടായി. ആവശ്യത്തിന് ഡോക്ടർ-മാരുടെയും അനുബന്ധ ഉദ്യോഗസ്ഥ-രുടേയും ലഭ്യത ഉറപ്പുവരുത്തുകയുണ്ടായി. സ്വയം ചികിത്സ നടത്തിയും സ്വകാര്യ ആശുപത്രികൾ മാറി മാറി സന്ദർശിക്കുന്നതുമൊക്കെ മരണ നിരക്ക് കൂട്ടുവാൻ കാരണമായതായി കരുതുന്നു. |

| | |
|---|---|
| **സി)** കഴിഞ്ഞ ഏഴുമാസത്തിനകം 19 ലക്ഷത്തിലധികം പേർ വിവിധ പകർച്ചപ്പനി ബാധിച്ച് ആശുപത്രികളെ ശരണം പ്രാപിക്കുകയും 400 ലധികം പേർ മരണപ്പെടുകയും ചെയ്ത അടിയന്തര സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിന് ഉദ്ദേശമുണ്ടോ? | **സി)** തത്ക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**